**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 635** **11-06-2024 - ൽ മറുപടിയ്ക്ക്**

**കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീ. പി. ഉബൈദുള്ള , ശ്രീ. കെ. പി. എ. മജീദ്, ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയ്ക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുമതി ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതിക്ക് നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡവലപ്മെന്റ് ആന്റ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റ് (NICDIT) (GOI) പ്രാഥമിക അനുമതി നൽകിയിട്ടുണ്ട്. 3815 കോടി രൂപ ചെലവ് വരുന്ന പദ്ധതിയുടെ മാസ്റ്റർ പ്ലാനും പ്രോജക്ട് റിപ്പോർട്ടും NICDIT 2022 ഡിസംബറിൽ അംഗീകരിച്ചിട്ടുണ്ട്. പദ്ധതിക്കായി കേന്ദ്രഗവൺമെന്റ് ലഭ്യമാക്കുന്ന 1789 കോടി രൂപ അംഗീകാരത്തിനായി കേന്ദ്ര കാബിനറ്റിൽ സമർപ്പിച്ചിട്ടുള്ളതും അംഗീകാരം കാത്തിരിക്കുന്നതുമാണ്. കേന്ദ്രാനുമതി വേഗത്തിൽ ലഭ്യമാക്കാനായി ബഹു. കേരള മുഖ്യമന്ത്രി വ്യക്തിഗത തലത്തിലുള്ള ഫോളോ അപ്പും മന്ത്രിതലത്തിലും പ്രിൻസിപ്പൽ സെക്രട്ടറി തലത്തിലുള്ള ഫോളോ അപ്പും ഇന്ത്യാ ഗവൺമെന്റുമായി നടത്തിവരുന്നു. |
| (ബി) | വ്യവസായ ഇടനാഴിയ്ക്ക് ആവശ്യമായ സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; പ്രസ്തുത പദ്ധതിയിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ? | (ബി) | പദ്ധതിയ്ക്കായി പാലക്കാട് ജില്ലയിൽ 1273 ഏക്കർ ഭൂമി ഏറ്റെടുത്തിരുന്നു. പദ്ധതി പൂർണ്ണമായി പൂർത്തീകരിക്കുമ്പോൾ 10000 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന നിക്ഷേപം. |

സെക്ഷൻ ഓഫീസർ